**മഹാത്മാഗാന്ധി സർവകലാശാല**

നം. 301/പി & ഡി-2/3/2017/ഭരണവിഭാഗം

18.12.2017

**പ രി പ ത്രം**

വിഷയം:- യു.ജി.സി. ജെ.ആർ.എഫ്. - യു.ജി.സി.യിലേക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനായി ഗവേഷക വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതു സംബന്ധിച്ചുള്ള അറിയിപ്പ്:-

സൂചന:- യു.ജി.സി.യുടെ ജെ.ആർ.എഫ്. സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ.

യു.ജി.സി.യുടെ മാർഗ്ഗ നിർദ്ദേശ പ്രകാരം യു.ജി.സി.യിൽ നിന്നും നേരിട്ട് (DBT) ഫെലോഷിപ്പ് ലഭിച്ചു വരുന്ന യു.ജി.സി. ജെ.ആർ.എഫ്. ഗവേഷക വിദ്യാർത്ഥികളുടെ ത്രൈമാസ തുടർച്ചാ സർട്ടിഫിക്കറ്റ് (Annexure III), എച്ച്.ആർ.എ. സർട്ടിഫിക്കറ്റ് (Annexure VI) ആകസ്മിക ചെലവു തുകയ്ക്കുള്ള സർട്ടിഫിക്കറ്റ് (Annexure V) എന്നിവ സർവകലാശാലയിൽ നിന്നും യു.ജി.സി.യുടെ സ്കോളർഷിപ്പ് പോർട്ടലിലേക്ക് ഓരോ മൂന്നുമാസം പൂർത്തിയാക്കുന്ന മുറയ്ക്ക് ഓൺലൈനായി സമർപ്പിക്കേണ്ടതുണ്ട്. അല്ലാത്ത പക്ഷം ഫെലോഷിപ്പ് തുക യു.ജി.സി. വിതരണം ചെയ്യുന്നതല്ല.

മേൽ സാഹചര്യത്തിൽ മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിൽ ഗവേഷണം നടത്തി വരുന്ന യു.ജി.സി. ജെ.ആർ.എഫ്. ഗവേഷകർ മേൽ സൂചിപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ ജൂലായ്-ആഗസ്റ്റ്-സെപ്റ്റംബർ, ഒക്ടോബർ-നവംബർ-ഡിസംബർ, ജനുവരി-ഫെബ്രുവരി-മാർച്ച്, ഏപ്രിൽ-മെയ്-ജൂൺ എന്നിങ്ങനെ ത്രൈമാസമായി യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള അനക്ഷർ പ്രൊഫോമകളിൽ തയ്യാറാക്കി ബന്ധപ്പെട്ടവരുടെ ഒപ്പുകൾ സഹിതം പൂർത്തീകരിച്ച ത്രൈമാസത്തിന്റെ അടുത്ത മാസം 15-ാം തീയതിയ്ക്കു മുമ്പായി രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാത്ത ഗവേഷകരുടെ പേരുകൾ ഫെലോഷിപ്പു വിതരണത്തിനായി യു.ജി.സി.യ്ക്ക് ശുപാർശ ചെയ്യുന്നതല്ലെന്നിറിയിക്കുന്നു.

കണ്ടിജന്റ് ഗ്രാന്റിന്റെ സർട്ടിഫിക്കറ്റിനോടൊപ്പം അനുബന്ധ ബില്ലുകൾ കൂടി സമർപ്പിക്കേണ്ടതാണ്. കൂടാതെ ഗവേഷണം പൂർത്തിയാക്കിയ വർഷത്തെ വാർഷിക പുരോഗതി റിപ്പോർട്ട് അനക്ഷർ IV-ൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

ഡെപ്യൂട്ടി രജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:-

1. എല്ലാ ഗവേഷണ മേധാവികൾ/സൂപ്പർ വൈസർമാർ/ഗവേഷണ വിദ്യാർത്ഥികൾ
2. റിസർച്ച് ഡയറക്ടർ
3. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. വി.സി./പി.വി.സി. എന്നിവരുടെ പി.എസ്.മാർ
5. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
6. ഫയൽ കോപ്പി